പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2236 15. 7. 2011-ൽ മറുപടിക്കുള്ളത്

## കൈവശ ഭൂമിയുടെ പരിധി

ചോദ്യം

ശ്രീമതി.കെ.കെ.ലതിക

(എ) ലാന്റ് റിഫോംസ് ആക്ട് പ്രകാരം കൈവശം വയ്ക്കാവുന്ന ഭൂപരിധിയിൽ ഇളവുകൾ നൽകിയിട്ടുള്ളത് ഏതൊക്കെ വിഭാഗത്തിന് ആണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക വിജ്ഞാപനപ്രകാരം ഇളവുകൾ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടോ എന്നും ഉണ്ടെങ്കിൽ ആർക്കെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ:

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ ' എ ' മുതൽ ' യു ' വരെ clauses - ൽ പരാമർശിക്കുന്ന ഭൂമികൾക്ക്, ടി നിയമത്തിലെ, 3-ാം അദ്ധ്യായത്തിലെ ഭൂപരിധി വ്യവസ്ഥകൾ ബാധകമല്ല എന്ന്, ടി വകുപ്പിലെ, ഒന്നാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) വ്യവസ്ഥയുണ്ട്.
1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ clause 'a' -ൽ പരാമർശിക്കുന്ന ഭൂമികളെ, ഭൂപരിധി വ്യവസ്ഥകളിൽ നിന്ന്. ഗസറ്റ് വിജ്ഞാപനം വഴി ഒഴിവാക്കാൻ സർക്കാരിന് അധികാരമുണ്ട്.

ടി വകുപ്പിലെ തന്നെ 3-ാം ഉപവകുപ്പുപ്രകാരം, പൊതുതാത്പര്യം മുൻനിർത്തി, ടി ഉപവകുപ്പിലെ ' എ ' യും 'ബി ' യും clauses - ൽ പരാമർശിക്കുന്ന ഇനത്തിൽപ്പെട്ട ഭൂമികൾ, ഭൂപരിധി

| | | | |
|---|---|---|---|
| | | | വ്യവസ്ഥകളിൽ നിന്ന് ഗസറ്റ് വിജ്ഞാപനം വഴി ഒഴിവാക്കാൻ, സർക്കാരിന് അധികാരമുള്ളതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>അനുബന്ധമായി പരാമർശിക്കുന്ന കേസുകളിൽ ഇപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നിയമപ്രകാരമല്ലാതെയും സർക്കാർ വിജ്ഞാപനപ്രകാരം ഇളവുകൾ ലഭിക്കാതെയും പരിധിയിൽക്കവിഞ്ഞ് ഭൂമി കൈവശം വച്ചിട്ടുള്ളവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 82-ാം വകുപ്പിൽ പരാമർശിക്കുന്ന യൂണിറ്റുകൾ, ടി യൂണിറ്റുകൾക്ക് ബാധകമായ ഭൂ പരിധിയിൽ കൂടുതൽ ഭൂമി കൈവശമുണ്ടായിരിക്കുകയും, എന്നാൽ 85-ാം വകുപ്പിലെ 2 ഉം,3 എ ഉം ഉപവകുപ്പുകൾ പ്രകാരം ലാന്റ് ബോർഡ് മുമ്പാകെ നിഷ്ക്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ, സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാതിരിക്കുകയും ചെയ്യുന്ന കേസുകളിൽ, ബന്ധപ്പെട്ട താലൂക്ക് ലാന്റ് ബോർഡുകൾക്ക്, ടി യൂണിറ്റുകൾക്കെതിരെ സ്വമേധയാ സീലിംഗ് കേസെടുക്കുന്നതിന്, ടി വകുപ്പിലെ 7-ാം വകുപ്പുപ്രകാരം ലാന്റ് ബോർഡ് ഇന്റിമേഷൻ നൽകാൻ വ്യവസ്ഥയുണ്ട്.<br>നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാത്തവർക്ക്, 1 വർഷം വരെ തടവോ; 2000 രൂപ വരെ പിഴയോ; അല്ലെങ്കിൽ ടി രണ്ടു ശിക്ഷകളും ഒരുമിച്ചോ നൽകാൻ 118 എ വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥയുണ്ട്. |

ഇപ്രകാരം ശിക്ഷിക്കപ്പെട്ടതിനു ശേഷവും റിട്ടേൺ ഫയൽ ചെയ്യാത്ത പക്ഷം, മുൻ ശിക്ഷയുടെ തീയതിക്കു ശേഷം, ഓരോ ദിവസവും 200 രൂപ നിരക്കിൽ പിഴ ഈടാക്കി ശിക്ഷിക്കാൻ, ടി വകുപ്പിലെ 2-ാം ഉപവകുപ്പിൽ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഒഴിവാക്കി നൽകിയ ഭൂമിയുടെ വിസ്തീർണ്ണം | ഭൂമിയുടെ ഉടമസ്ഥൻ | ഗസറ്റ് വിജ്ഞാപനത്തിന്റെ നമ്പരും തീയതിയും | ലാന്റ് ബോർഡിന്റെ ഫയൽ നം. |
|---|---|---|---|---|
| 1 | 0.91.933 ഏക്കർ (0.37.22 ഹെക്ടർ) | ഫയസ് ഫിഷറീസ് കരിവേലിപ്പടി, കൊച്ചി -5 | 35844/ എൻ1/70/ആർ.ഡി തീയതി 11.12.1970 | എൽ.ബി.7-26155/70/ ആർ.ഡിസ്. തീ. 20.01.71 |
| 2 | 37.01.536 ഏക്കർ | ഇന്ത്യൻ അലുമിനിയം കമ്പനി, ആലുപുറം, കളമശ്ശേരി, എറണാകുളം ജില്ല | 76751/എൻ2/2000/ആർ.ഡി. തീ.15.05.02 | എൽ.ബി-ഡി3/14744/98 ഡി.ഡിസ് തീ.18.09.03 |
| 3 | 100 ഏക്കർ | ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് ലിമിറ്റഡ്, കളമശ്ശേരി | ജി.ഒ.(എം .എസ്) നം.207/00 തീ.04.07.2000 | എൽ.ബി (ബി)1-19398/95 ഡീഡിസ് തീ.23.07.01 |
| 4 | 14.02 ഏക്കർ | സലാഫിയ മദ്രസ, പാണ്ടിക്കാട് | ജി.ഒ.(എം.എസ്) നം . 109/99/ആർ.ഡി തീ.30.03.99 | എൽ.ബി(ബി)1-21337/ 98/ഡിഡിസ് തീ.07.06.99 |
| 5 | 20.76 ഏക്കർ | M/s സൗത്ത് ഇന്ത്യൻ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്. | ജി.ഒ. നം.61943/എൻ3/83/ആർ.ഡി തീ.28.06.85. | എൽ.ബി-ബി11-165/00/ ആർ.ഡിസ് തീ.26.08.2000 |